**SAMAGRA SHIKSHA, KERALA** **905**

**പാദവാർഷിക മൂല്യനിർണയം - 2018**

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. ഭൗമോപരിതലത്തിൽ നിന്നും ഊർജ്ജം ശൂന്യാകാശത്തേയ്ക്ക് വികിരണം ചെയ്യപ്പെടുന്ന പ്രക്രിയ ഏതു പേരിൽ അറിയപ്പെടുന്നു? (1)
2. യൂറോപ്പിലെ നഗരവ്യാപാരപ്രവർത്തനങ്ങൾ നിയന്ത്രിച്ചിരുന്ന ഗിൽഡുകൾ ഏതു പേരിലറിയപ്പെട്ടിരുന്നു? (1)
3. ഏത് ഏജൻസിയാണ് ഇന്ത്യയിൽ ദേശീയവരുമാനം കണക്കാക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ളത്? (1)
4. ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്യുന്ന മൂന്ന് മൗലികാവകാശങ്ങൾ എഴുതുക.(3)
5. ശിലാമണ്ഡല ഫലകങ്ങളെ സൂചിപ്പിക്കുന്ന ചുവടെ നൽകിയിട്ടുള്ള ചിത്രത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ രേഖപ്പെടുത്തിയ ഫലകങ്ങളുടെ പേരെഴുതുക.(4)




6. **എ** കോളത്തിനനുയോജ്യമായത് **ബി** കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക. (4)

| എ | ബി |
|---|---|
| മിസൈ ഡൊമിനിസി | അൽ-ഖാനൂനി |
| സുലൈമാൻ | കാറക്കോറം |
| കങ്കൻ മൂസ | കൗണ്ടുകൾ |
| ചെങ്കിസ് ഖാൻ | മാലി |

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക്**
**ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം (6 x 2 = 12)**

7. കരോലിൻജിയൻ നവോത്ഥാനം എന്നാലെന്ത്?
8. ഫ്രാങ്കിഷ് സാമ്രാജ്യം വിശുദ്ധ റോമാസാമ്രാജ്യം എന്ന പേരിൽ അറിയപ്പെടാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക?
9. മതേതരത്വം എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?
10. ഒരു ദിവസത്തെ ഏറ്റവും കൂടിയ താപനിലയും ഏറ്റവും കുറഞ്ഞ താപനിലയും ഏതൊക്കെ സമയങ്ങളിലാണ് രേഖപ്പെടുത്തുന്നത്?
11. ഭൂകമ്പങ്ങൾ ഉണ്ടാകുന്നതിനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക?
12. ദേശീയ വരുമാനം പ്രധാനമായും ലഭിക്കുന്ന മേഖലകളിൽ ഒന്നാണ് കാർഷിക മേഖല. മറ്റ് രണ്ട് മേഖലകൾ എഴുതുക.

**13 മുതൽ 18 വരെയുള്ള വരെയുള്ള ചോദ്യങ്ങൾക്ക്**
**ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം (6 x 3 = 18)**

13. താഴെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക.




14. ചെങ്കിസ്ഖാൻ നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങളെപ്പറ്റി ഒരു ലഘുകുറിപ്പ് തയ്യാറാക്കുക?
15. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വാണിജ്യബന്ധം വികസിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കുക?
16. ഭൂമിയുടെ ഹീറ്റ് ബജറ്റിനെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
17. ഉയരത്തിന്റെ അടിസ്ഥാനത്തിൽ മേഘങ്ങളെ തരംതിരിച്ചെഴുതുക.
18. ഇന്ത്യയുടെ ദേശീയ വരുമാനത്തിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് തൃതീയ മേലയ്ക്കുള്ള പങ്ക് വലുതാണ്. വിശദമാക്കുക.

**19 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം (6 x 4 = 24)**

19. മധ്യകാല ആഫ്രിക്കയിലെ പ്രധാന സാംസ്ക്കാരിക കേന്ദ്രവും കച്ചവട കേന്ദ്രവുമായിരുന്നു മാലി സാമ്രാജ്യത്തിലെ തിംബുക്തു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

20. മധ്യകാല ലോകത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ അറബികളുടെ സ്വാധീനം വിലപ്പെട്ടതാണ്. സമർത്ഥിക്കുക.

21. സമത്വത്തിനുള്ള അവകാശത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ ഏതെല്ലാം?

22. വർഷണം എന്നാലെന്ത്? വർഷണത്തിന്റെ മൂന്നു രൂപങ്ങൾ വിശദമാക്കുക?

23. ദൈനിക താപാന്തരം, ദൈനിക ശരാശരി താപനില എന്നിവ വ്യക്തമാക്കുക.

24. അറിവധിഷ്ഠിത മേഖലയുടെ വളർച്ചയ്ക്ക് അനുകൂലമായ എന്തൊക്കെ സാഹചര്യങ്ങളാണ് ഇന്ത്യയിൽ ഉള്ളത്?

25. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. എന്താണ് അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ?

26. ഇന്ത്യയിൽ ദേശീയ വരുമാനം കണക്കാക്കുന്നതിന് പലതരം പ്രയാസങ്ങൾ അനുഭവപ്പെടുന്നു. ഏതെങ്കിലും നാലെണ്ണം കുറിക്കുക.

27. മധ്യകാലലോകത്ത് ശാസ്ത്രസാങ്കേതിക രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. അറബികൾ നൽകിയ സംഭാവനകളെ അടിസ്ഥാനമാക്കി പ്രസ്താവന സമർത്ഥിക്കുക.

**അല്ലെങ്കിൽ** (6)

കലാ-സാഹിത്യ രംഗങ്ങളിൽ മധ്യകാല ലോകത്തിന്റെ സംഭാവനകൾ വിശദമാക്കുക.

28. താപവിതരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും മൂന്നു ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കുക.

**അല്ലെങ്കിൽ** (6)

ഏതെങ്കിലും മൂന്നു ഘനീകരണ രൂപങ്ങളെ ആസ്പദമാക്കി വിവരണം തയ്യാറാക്കുക.